# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1190** — **10.08.2017-ന് മറുപടിയ്ക്ക്**

## പൊതുവിദ്യാഭ്യാസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ. എൻ. ഷംസീർ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| പൊതുവിദ്യാഭ്യാസം സംരക്ഷിക്കുന്നതിന്റെ ഭാഗമായും വിദ്യാഭ്യാസ മേഖലയുടെ ഉന്നമനം ലക്ഷ്യമാക്കിയും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ വകുപ്പ് എന്തൊക്കെ കാര്യങ്ങൾ ആണ് തലശ്ശേരി നിയോജക മണ്ഡലത്തിൽ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി ചിറക്കര ഗവ.എച്ച്.എസ്.എസിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുകയും അപ്രകാരം സ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ധനസഹായം ലഭ്യമാക്കുന്നതിനായി കിഫ്ബിയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>തലശ്ശേരി നിയോജക മണ്ഡലത്തിൽ നിന്ന് 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ മൂന്നാം സ്കീമിൽപ്പെട്ട എൽ.പി./യു.പി. ക്ലാസുകളുടെ കാലോചിതമായ വികസനം ഉറപ്പാക്കുന്ന പദ്ധതിയിൽ ജി.യു.പി.എസിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. കുടകുളം യു.പി.എസ്. എരഞ്ചേരി, ജി.എൽ.പി.എസ്. പുല്യോട്, ഡി.ഐ.യു.പി. പരാൽ, ബാവന്തി പറമ്പ, എൽ.പി.എസ്. ചമ്പാട്, ഒളവിലം യു.പി.എസ്. പള്ളപ്രം, എൽ.പി.എസ്. ന്യൂമാഹി, എരിഞ്ഞോളി നോർത്ത് എൽ.പി.സ്കൂൾ എന്നീ സ്കൂളുകളിൽ ജൈവ വൈവിധ്യ പാർക്കുകൾ അനുവദിച്ചിട്ടുണ്ട്.<br>അടിസ്ഥാന സൗകര്യ വികസനത്തിനായി തലശ്ശേരി നിയോജക മണ്ഡലത്തിലെ സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കുന്ന കർമ്മ പദ്ധതിയിലും തലശ്ശേരി നിയോജക മണ്ഡലത്തിലെ സ്കൂളുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അദ്ധ്യാപകർക്ക് നൽകിയ പരിശീലന പരിപാടികളുടെ പ്രയോജനം തലശ്ശേരി നിയോജക മണ്ഡലത്തിലെ സ്കൂളുകളിലെ അദ്ധ്യാപകരും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ